I/345248/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: DT/2338/2023-G2 തീയതി: 10-05-2023

## ച്ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - മികവിന്റെ കേന്ദ്രം – ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് – ഏപ്രിൽ 2023 - റീ- കൗണ്ടിംഗിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

2023 ഏപ്രിൽ മാസം നടന്ന സി.ഒ.ഇ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്ത് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിന് ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) പൂരിപ്പിച്ച അപേക്ഷ ഒറിജനിൽ ചെലാൻ രസീത് സഹിതം 18/05/2023–ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രിൻസിപ്പാൾ മുൻപാകെ അപേക്ഷിക്കേണ്ടതാണ്.

പ്രിൻസിപ്പാൾ പ്രസ്തുത അപേക്ഷ 19/05/2023 ന് **3:00 പി.എം-ന് മുമ്പായി** ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. തോറ്റ വിഷയത്തിന് ഓരോ മോഡ്യൂളിനു 30/- രൂപയും വിജയിച്ച വിഷയത്തിന് ഓരോ മൊഡ്യൂളിനും 60/- രൂപ വീതവുമാണ് ഫീസ്. റീകൗണ്ടിംഗിനുവേണ്ടി "0230-എൽ & ഇ-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ ഫീസിനത്തിൽ തുക ഒടുക്കേണ്ടതാണ്.

മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനികളുടെ റിസൾട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൾട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് 2023-ൽ നടക്കുന്ന അഖിലേന്ത്യാ COE ട്രേഡ് ടെസ്റ്റിന് (സി.ഒ.ഇ) അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

## സി.ഒ.ഇ ട്രേഡ് ടെസ്റ്റ് ഏപ്രിൽ 2023
## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും, തപാൽ വിലാസവും :
   (പിൻകോഡ് സഹിതം):
2. ട്രേഡ് :
3. റോൾ നമ്പർ :
4. ഐ.ടി.ഐയുടെ പേര് :
5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ :
6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് : 1
   സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 2
   : 3
7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ:
8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം
   ചെലാൻ നമ്പർ :
   തീയതി :
   തുക :
   ട്രഷറിയുടെ പേര് :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിയ്ക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

.............................................................................. എന്ന ട്രെയിനി 2023 ഏപ്രിൽ സി.ഒ.ഇ ട്രേഡ് ടെസ്റ്റിൽ ........................................................... ഐ.ടി.ഐയിൽ നിന്നും ............................................ ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

(ഓഫീസ് മുദ്ര) ഐ.ടി.ഐ പ്രിൻസിപ്പാൾ

സ്ഥലം :
തീയതി :